# ട്രെയിനർ

May-June Vol. No. 1 Issue 4

Open my eyes that I may see wonderful things in your law - Psm. 119:18.

TRAINER

വചനത്തിൽ വളരാൻ.......

വചനത്തിൽ വേരൂന്നാൽ......

# TRAINER

May-June Vol. No. 1 Issue : 4

## തെരഞ്ഞെടുപ്പ്

ക്രിസ്തുവിൽ പ്രിയരെ,

ജനാധിപത്യ വ്യവസ്ഥ പ്രകാരം അടുത്ത 5 വർഷത്തെ ഭരണത്തിനായി ലോകസഭയിലേക്കു വിശ്വാസം അർപ്പിച്ച ആളുകളെ ജനങ്ങൾ തെരഞ്ഞെടുത്തു. ഭരണത്തിന്റെ കാര്യത്തിൽ മാത്രമല്ല ജീവിതത്തിന്റെ എല്ലാ കാര്യത്തിലും തെരഞ്ഞെടുപ്പുണ്ട്. നമുക്ക് ജനിച്ച് വീഴാൻ ഒരു സ്ഥലം, ആദ്യപാഠം പഠിക്കേണ്ട, വിദ്യാലയം, പേര്.. തുടങ്ങി അടക്കുവാൻ ഒരു സ്ഥലവും നമുക്കായി നമ്മെ സ്നേഹിക്കുന്നവൻ തെരഞ്ഞെടുക്കുമ്പോൾ ജീവിതനിലവാരം, ജീവനമാർഗ്ഗം, ജീവിക്കേണ്ട സ്ഥലം, ജീവിതപങ്കാളി, തുടങ്ങിയ ഒട്ടനേകം കാര്യങ്ങൾ നാമും തെരഞ്ഞെടുക്കുന്നു. ഒരു വിശ്വാസിയുടെ തെരഞ്ഞെടുപ്പിൽ ഏറ്റവും പ്രാധാന്യം ഏറിയ ഒന്നാണ് ദൈവഹിതം തെരഞ്ഞെടുക്കുക എന്നത്. സകലത്തിന്റെയും ഉടയവനായ ദൈവം നമ്മെ ഇവിടെയാക്കിയിരിക്കുന്നത് ഓരോ പദവികൾ തന്നാണ്. ആത്മിയമണ്ഡലത്തിൽ, പ്രാസംഗികൻ, സുവിശേഷകൻ, മൂപ്പൻ, ശുശ്രൂഷകൻ, പ്രാർത്ഥന നിരതൻ, എന്നിങ്ങനെയും, ഭൗതികമണ്ഡലത്തിൽ ഭർത്താവ്, ഭാര്യ, മകൻ, മകൾ, മരുമകൾ, അമ്മായിമ്മ എന്നിങ്ങനെയുമാണ് ഈ പദവികളിൽ നാം ജീവിച്ച് ഉത്തരവാദിത്തങ്ങൾ നാം ചെയ്യുമ്പോൾ ചെയ്യേണ്ട കാര്യത്തിലുള്ള ദൈവഹിതം തിരിച്ചറിയണം, അതു മാത്രം തെരഞ്ഞെടുക്കണം.

ബിലെയാമിനെ ദൈവം ഈ ഭൂമിയിലാക്കിയത് ഒരു പ്രവാചകനായിട്ടാണ്. മറ്റുള്ളവരെ അനുഗ്രഹിക്കാനും ശപിക്കുവാനുമുള്ള പ്രത്യേക കഴിവ് തനിക്കുണ്ടായിരുന്നു (21:6). എന്നാൽ താൻ തന്റെ ഉത്തരവാദിത്വം നിറവേറ്റുന്നതിനു മുമ്പായി ദൈവത്തോടു അഭിപ്രായം ചോദിക്കുമായിരുന്നു. നമ്മിൽ എത്രയാളുകൾ നമ്മെ ഏല്പിച്ച ഉത്തരവാദിത്വത്തങ്ങൾ ചെയ്യും മുമ്പ് പ്രാർത്ഥിച്ച് ദൈവഹിതം തിരിച്ചറിയുന്നുണ്ട്. ഒരിക്കൽ യിസ്രായേൽ ജനത്തെ ശപിക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് ബാലാക്കു രാജാവിന്റെ ആളുകൾ തന്നെ സമീപിച്ചു. അവരുടെ കൂടെ പോകാൻ പാടില്ല എന്നുള്ളതാണ് ദൈവഹിതം എന്നറിഞ്ഞിട്ടും വീണ്ടും പ്രാർത്ഥിക്കുവാനും ദൈവത്തെ സമ്മതിപ്പിച്ച് ദുഷ്ടന്മാരുടെ ഒപ്പം നടക്കുവാനും ബാലാക്കുരാജാവിനു യിസ്രായേലിനെ തോൽപ്പിക്കാനുള്ള തന്ത്രം പറഞ്ഞുകൊടുക്കാനും ഇടയായി. അതിനാൽ ഭക്തന്മാർ മരിക്കുംപോലെ രിക്കണം എന്നുള്ള തന്റെ ആഗ്രഹം മാത്രമായി അവശേഷിക്കുകയും വാളിനാൽ താൻ കൊല്ലപ്പെടുകയും ചെയ്തു. ദൈവഹിതത്തിന് എതിരായി പോയവരുടെ എല്ലാം അന്ത്യം ദയനീയവും പരാജയവുമാണ്. ആകയാൽ നമ്മെ ഏല്പിച്ച ഉത്തരവാദിത്വങ്ങൾ ചെയ്യും മുമ്പ് പ്രാർത്ഥിച്ച് ദൈവഹിതം തിരിച്ചറിഞ്ഞ് അതു മാത്രം തെരഞ്ഞെടുത്ത് അവനായി ജീവിക്കാം.

എന്ന് ക്രിസ്തുവിൽ നിങ്ങളുടെ സഹോദരൻ,

**ജോൺസൺ ലാസർ, ഉപ്പുകുന്ന്**

# സംഖ്യാ പുസ്തകം

പുറപ്പാട് പുസ്തകം വീണ്ടെടുക്കപ്പെട്ട ദൈവജനത്തിന്റെ കാര്യവും ലേവ്യാപുസ്തകവും ആരാധനയുടെയും കാര്യവും പറയുമ്പോൾ വീണ്ടെടുക്കപ്പെട്ട ആരാധിക്കാൻ അധികാരമുള്ള ദൈവജനം അവരുടെ ജീവിത നിലവാരം മനസിലാക്കി ജീവിച്ചില്ലെങ്കിൽ ഭയകരമായ ദൈവശിക്ഷയ്ക്ക് ഇരയായിത്തീരും എന്ന മുന്നറിയിപ്പാണ് സംഖ്യാപുസ്തകം നൽകുന്നത്. പുറപ്പാടു പുസ്തകത്തിൽ ആരംഭിച്ച യിസ്രായേൽ പ്രയാണത്തിന്റെ 2-ാം വർഷം 2-ാം മാസം മുതൽ 40-ാം വർഷം 11-ാം മാസം വരെയുള്ള 38 വർഷത്തെ സംഭവങ്ങളാണ് ഈ പുസ്തകത്തിലുള്ളത്. ഇതിന്റെ ആരംഭത്തിലും (1-3) അവസാനത്തിനും (26) ഉള്ള രണ്ടു ജനസംഖ്യ നിർണ്ണയങ്ങളാണ് സംഖ്യ പുസ്തകം എന്ന നാമം ലഭിക്കാനുള്ള കാരണം.

**പ്രധാന വ്യക്തികൾ**

മോശെ
അഹരോൻ
മിര്യാം
യോശുവ
കാലേബ്
എലെയാസർ
കോരേഹ്
ബിലെയാം

**പ്രധാന സ്ഥലങ്ങൾ**

സീനായി പർവ്വതം
കനാൻ ദേശം
കാദേശ് ബർന്നേയ
ഹോരേബ് പർവ്വതം
മോവാബ് സമഭൂമി

പുതിയ നിയമ വിശ്വാസികളായ നമുക്ക് സംഖ്യാ പുസ്തകം ഒരു മുന്നറിപ്പ് തന്നെയാണ്. ദൈവത്തെ ആരാധിക്കുന്ന നാം ദൈവവുമായുള്ള ബന്ധത്തെയും സഭയുമായുള്ള ബന്ധത്തെയും വിവേചിക്കാതെ അശുദ്ധിയിൽ ജീവിച്ച് അശുദ്ധിയോടെ ആരാധിച്ചാൽ, കർത്താവിന്റെ മേശയിൽ നിന്ന് പങ്ക് കൊണ്ടാൽ ദൈവം ശിക്ഷ നൽകും എന്ന് 1 കൊരിന്ത്യർ 11-ൽ പറഞ്ഞിരിക്കുന്നതിന്റെ ഉദാഹരണങ്ങളാണ് ഈ പുസ്തകത്തിലുള്ളത്.

## ഒറ്റനോട്ടത്തിൽ

| | | |
|---|---|---|
| അദ്ധ്യായങ്ങൾ | - | 36 |
| വാക്യങ്ങൾ | - | 1288 |
| ചോദ്യങ്ങൾ | - | 59 |
| നിനർത്തിയ പ്രവചനങ്ങൾ | - | 42 |

| | | |
|---|---|---|
| ആജ്ഞകൾ | - | 554 |
| വാഗ്ദാനങ്ങൾ | - | 5 |
| മുന്നറിയിപ്പുകൾ | - | 79 |

## 11നു പകരം 13880

യഹോവയുടെ അത്ഭുതം കണ്ട വേറൊരു ജാതി യിസ്രായേലിനെപ്പോലെയില്ല. അടിമകളായിരുന്ന മിസ്രയീമിൽ നിന്ന് വിടുവിക്കുവാൻ വെള്ളം രക്തമാക്കിയതു മുതൽ മിസ്രയീമ്യരുടെ ആദ്യജാതന്മാരുടെ ദാരുണ മരണം വരെ കണ്ടു. മിസ്രയീമ്യർ തങ്ങളുടെ മരിച്ചവരെ ഓർത്ത് ശോകഗാനം പാടിയപ്പോൾ സ്വാതന്ത്ര്യത്തിന്റെയും ആഹ്ലാദത്തിന്റെയും ഗാനം ആലപിച്ച് കനാനെ ലക്ഷ്യമാക്കി മുന്നേറിയ ജനം അവിടെ ഒട്ടനവധി അത്ഭുതങ്ങൾ കണ്ടു. മേഘസ്തംഭത്തിലും അഗ്നി സ്തംഭത്തിലും കൂടിയിരിക്കുന്ന് ആഹാരവും വെള്ളവും യാത്രസുഖവും തരുന്ന ദൈവത്തിന്റെ കരുണയുള്ള കരുതലിന്റെ കരവും അവർ കണ്ടു. എന്നിട്ടും കനാൻദേശം രഹസ്യമായി സന്ദർശിച്ച് മടങ്ങിയെത്തിയ 10 പേരുടെ വാക്കിനു ദൈവത്തിന്റെ വാഗ്ദത്തങ്ങളെക്കാൾ അവർ വില നൽകി. തൽഫലമായി കാദേശ് ബർന്നയിൽ നിന്ന് കേവലം 11 ദിവസത്തെ യാത്രകൊണ്ട് എത്താമായിരുന്ന കനാൻ ദേശത്തിലേക്കു എത്തുവാൻ അവർക്ക് ഏകദേശം നീണ്ട 13,880 ദിനങ്ങൾ ആവശ്യമായി വന്നു. മാത്രമല്ല ദൈവത്തിന്റെ വാക്കിനെക്കാൾ മനുഷ്യന്റെ വാക്കിനു വില കല്പിച്ച ആർക്കും കനാൻ കാണുവാൻ സാധിച്ചില്ല അന്ന് അവിടെ കൂടിയിരുന്ന വലിയ കൂട്ടം ജനത്തിൽ നിന്ന് യോശുവായും, കാലേബും ഒഴികെ 57 വയസ്സിലധികം പ്രായമുള്ള ആരും ഉണ്ടായിരുന്നില്ല. ദൈവം ആഗ്രഹിക്കുന്ന ലക്ഷ്യത്തിൽ എത്തുവാൻ വൈകുന്നതിന്റെ കാരണം വാഗ്ദത്തങ്ങളെക്കാൾ വിലമാനുഷികമായ വാക്കുകൾക്കു നൽകുന്നതിനാലാണ്.

## 7 ദിവസം മിര്യാമിന്റെ അക്കൗണ്ടിൽ

**ആ**ത്മിയമായ നേതൃത്വങ്ങളിൽ ഇരിക്കുന്നത് എന്തും ആർക്ക് എതിരെയും പറയാനുള്ള സ്വാതന്ത്ര്യമല്ല എന്ന മിര്യാം തന്റെ ജീവിതത്തിലൂടെ പഠിച്ചു. പ്രവാചകിയും മറ്റു സഹോദരിമാർക്ക് മാതൃകയുമായിരുന്ന മിര്യാം ദൈവത്തിന്റെ പ്രവാചകനും ദൈവത്തോടു മുഖാമുഖം സംസാരിക്കുകയും ദൈവത്തൊടപ്പം വസിക്കുകയും ചെയ്ത മോശെയ്ക്ക് എതിരായി പിറുപിറുത്തപ്പോൾ ദൈവം അതു കേൾക്കുകയും (12:2) മിര്യാം കുഷ്ടരോഗിയായിത്തീരുകയും 7 ദിവസം പാളയത്തിനു പുറത്ത് പാർക്കേണ്ടതായും വന്നു. മിര്യാമിന്റെ പാപം നിമിത്തം 7 ദിവസം മുമ്പേ എത്തേണ്ട യാത്ര താമസിക്കുവാൻ ഇടയായി. ഇന്ന് ദൈവ ഭക്തന്മാർക്കും, ദൈവദാ

സന്മാർക്കും എതിരായി ആളുകൾ അവരുടെ വിമർശനത്തിന്റെ കൂരമ്പുകൾ എയ്യുമ്പോൾ എയ്യുന്നവർക്കായിട്ടും അവരുടെ കുടുംബ ത്തിനും അവരോടുകൂടെയുള്ളവർക്കുമായി ദൈവം വച്ചിട്ടുള്ള അനു ഗ്രഹങ്ങളിലേക്കുള്ള ദൂരം കൂടുകയാണ്. കാരണം യഹോവയായ ദൈവം തന്റെ ഭക്തന്മാർക്ക് എതിരെയുള്ള സകലവാക്കുകളും ശ്രദ്ധിക്കുന്നവ നാണ്.

## വിശുദ്ധനായ ദൈവം ഉപയോഗിച്ച അശുദ്ധ മൃഗം

**ലോ**കത്തിൽ എല്ലായിടത്തുമുള്ള ആളുകൾ പുച്ഛത്തോടെ വീക്ഷി ക്കുന്ന ഒരു മൃഗമാണ് കഴുത. നിരവധി പ്രാവിശ്യം തിരുവചനത്തിൽ കഴുതയെക്കുറിച്ച് പരാമർശിക്കുന്നുണ്ടെങ്കിലും അത് ഒരു അശുദ്ധമൃഗ മാണെന്നും അതിനെ യാഗം കഴിക്കുവാൻ പാടില്ലായെന്നും (ലേവ്യ. 11: 27) കഴുതയുടെ കടിഞ്ഞൂലിനെയൊക്കെയും ആട്ടിൻകുട്ടിയെകൊണ്ടു വീണ്ടെടുക്കേണം എന്നും വചനം പറയുന്നു (പുറ. 13: 13).

ഈ അശുദ്ധമൃഗത്തെ വിശുദ്ധനായ ദൈവം രണ്ട് തവണ ഉപ യോഗിച്ചതായി കാണുന്നു. ദൈവഹിതത്തിന് എതിരായി ബാലാക്ക് തരാൻ പോകുന്ന സമ്പത്തും സ്ഥാനമാനങ്ങളും ലക്ഷ്യമാക്കി യാത്ര ചെയ്ത ബിലെയാമിനോടു സംസാരിക്കാൻ ദൈവം കഴുതയെയാണ് ഉപയോഗിച്ചത്. മാത്രമല്ല നമ്മുടെകർത്താവിന്റെ ഈ ലോക ജീവിത ത്തിൽ താൻ സഞ്ചരിക്കാൻ ഉപയോഗിച്ചതായി തിരുവചനം രേഖപ്പെ ടുത്തുന്ന ഏകമൃഗം കഴുതയാണ് 7-ാം ദിവസം വിശ്രമിക്കണമെന്ന് മനു ഷ്യനോടു കല്പിക്കുന്ന ദൈവം അന്ന് അവന്റെ കഴുതയ്ക്ക് വിശ്രമം നൽകണം എന്ന് നിഷ്കർഷിക്കുന്നു (പുറ. 23: 12).

## മോശെയ്ക്ക് എതിരായുള്ള പിറുപിറുപ്പുകൾ

| പിറുപിറുക്കുന്നവർ | | കാരണം | വേദഭാഗം |
|---|---|---|---|
| 1. യിസ്രായേൽ മക്കൾ | - | വെള്ളം | പുറ. 15: 24, 25 |
| 2. 〃 | - | ഭക്ഷണം | പുറ. 16: 2,3 |
| 3. 〃 | - | വെള്ളം | പുറ. 17: 3 |
| 4. മിര്യാം അഹരോൻ | - | അസൂയ | സംഖ്യ 12: 1,2 |
| 5. യിസ്രായേൽ മക്കൾ | - | ഭീരുത്വം | സംഖ്യ 14: 1-3 |
| 6. കോരഹും കൂട്ടാളികളും | - | അസൂയ | സംഖ്യ 16: 1-3 |
| 7 യിസ്രായേൽ മക്കൾ | - | ദു:ഖം | സംഖ്യ 16: 41-8 |
| 8. 〃 | - | അസൂയ | സംഖ്യ 17: 2-10 |
| 9. 〃 | - | വെള്ളം | സംഖ്യ 22: 2-5 |
| 10. 〃 | - | ഭക്ഷണം | സംഖ്യ. 21: 5 |

# കവിണ്ണുവീണ നേതാവ്

യിസ്രായേൽ മക്കളുടെ ചരിത്രത്തിൽ തങ്ങളെ ഇത്ര മാത്രം സ്നേഹിക്കുകയും കരുതുകയും ചെയ്തിട്ടുള്ള വേറൊരു നേതാവു മോശയെപ്പോലെ കാണില്ല. ചെറുപ്പത്തിൽ ഒരു ശക്തിശാലിയായി യിസ്രായേലിനെ രക്ഷിക്കാൻ ആഗ്രഹിച്ച്, തന്റെ 40-ാം വയസ്സുമുതൽ 120-ാവയസ്സുവരെ യിസ്രായേലിന്റെ നേതാവായി നിന്ന മോശെ അവരിൽ നിന്ന് ഒരു കഴുതയെപ്പോലും വാങ്ങാതെ ആർക്കും ഒരു ദോഷവും ചെയ്യാതെ യിസ്രായേലിന്റെ പരിപാലകനായ ദൈവം തന്നെ ഏല്പിച്ച ഗ്രഹത്തിൽ ഒക്കെയും താൻ വിശ്വസ്തനായി ജീവിച്ചു (12:7). തന്റെ കൈയ്യിൽ ഏല്പിക്കപ്പെട്ട ജനത്തിന്റെ സ്വര്യവികാരത്തിനായി യഹോവയോടു പലതവണ അഭിപ്രായം ചോദിച്ച മോശെ തന്റെ പദവിയിൽ നിന്നുകൊണ്ട് യാതൊരു സ്വാർത്ഥ താല്പര്യവും ഇല്ലാതെ യിസ്രായേൽ ജനത്തിനായി യഹോവയുടെ മുൻപിൽ കവിണ്ണുവീണിട്ടുണ്ട്.

1. മിസ്രയീമിലെ വിഗ്രഹസേവ മറക്കാതിരുന്ന ജനം ചില ദിവസങ്ങളിലേക്ക് മോശയെ കാണാതായപ്പോൾ അഹരോൻ മുഖാന്തിരം ഒരു വിഗ്രഹം ഉണ്ടാക്കുകയും അതിനെ നമസ്ക്കരിക്കുകയും ചെയ്തു. അവരുടെ പാപം നിമിത്തം അവരെ നശിപ്പിക്കുവാനായി തീരുമാനിച്ച ദൈവം തന്റെ മുന്നിൽ വീണ മോശെയെ ഓർത്ത് യിസ്രായേലിനോടു കരുണ കാണിച്ചു (ആവ. 8:8; പുറ. 32)

2. കാദേശ് ബർന്നായിൽ ദൈവത്തിന്റെ വാഗ്ദത്തത്തെയും ശക്തിയെയും മറന്ന് സ്വയത്തിൽ ആശ്രയിച്ച് സ്വന്ത പരിമിതികൾ മനസ്സിലാക്കി കാനാന്യരെ പുകഴ്ത്തിപ്പറഞ്ഞപ്പോൾ അവരുടെ വിശ്വാസമില്ലായ്മ ഓർത്ത് താൻ കവിണ്ണുവീണു (സംഖ്യ. 14:15).

3. യഹോവയുടെ ആലയത്തിൽ ജോലി ചെയ്യാനുള്ള അവസരം ലഭിച്ചിട്ടും അതിൽ സംതൃപ്തിയില്ലാതെ പൗരോഹിത്യ ശുശ്രൂഷ ആഗ്രഹിച്ച് കോരഹും കൂട്ടരും തന്നെ എതിർത്തപ്പോൾ താൻ കവിണ്ണുവീണു (സംഖ്യ. 16:4).

4. കോരഹിന്റെ മത്സരത്താൽ ദൈവം ജനത്തെ ഒന്നടങ്കം നശിപ്പിക്കുവാൻ താല്പര്യപ്പെട്ടപ്പോൾ താൻ യഹോവയുടെ കൃപയ്ക്കായി കവിണ്ണുവീണു (16: 22)

5. തങ്ങളുടെ പാപത്താൽ 250 പേർ നശിക്കുകയും അതിന് മോശയെ കുറ്റും പറഞ്ഞ് ജനം പിറുപിറുത്തപ്പോൾ ദൈവം അവരെ ശിക്ഷിക്കാതിരിപ്പാൻ താൻ തന്നെ നിലത്തോളം താഴ്ത്തി (16: 25)

6. കുടിപ്പാൻ വെള്ളമില്ലാതിരിക്കെ ദൈവത്തോടു അപേക്ഷിക്കേണ്ടതിനു പകരം മോശെയ്ക്കു വിരോധമായി ജനം എഴുന്നേറ്റപ്പോൾ താൻ തന്നെത്താൻ താഴ്ത്തി കവിണ്ണുവീണു (20:6)

ഇന്ന് ഒരു വലിയ ജനമായി ദൈവത്തെ സേവിക്കുന്ന നാം നമ്മുടെ സഹവിശ്വാസികളുടെ നന്മയ്ക്കും അവരും നാമും ശിക്ഷിക്കപ്പെടാതിരിക്കേണ്ടതിനായും കർത്താവിന്റെ കാല്ക്കൽ വീഴേണ്ടത് ആവശ്യമായ കാര്യമാണ്.



# പദപ്രശ്നം 4/6

## ചോദ്യങ്ങൾ

### താഴോട്ട്

1. യിസ്രായേൽ മക്കളുടെ മദ്ധ്യേ യഹോവ വസിക്കുന്നതിനാൽ അവർ തങ്ങളുടെ പാളയം എന്ത് ചെയ്യരുത് (7)
2. ലേവി ഗോത്രത്തെ സാക്ഷ്യനിവാസത്തിനും അതിന്റെ ഉപകരണങ്ങൾക്കും ...... നിയമിക്കണം (7)
3. ശെലൂമിയേൽ ഏതു ഗോത്രത്തിന്റെ തലവനാണ് (4)
4 മോശെ തിരുനിവാസം നിവർത്തി അതിലെ ഉപകരണങ്ങൾ ശുദ്ധീകരിച്ച നാളിൽ യിസ്രായേല്യരിൽ ആരാണ് വഴിപാടു കഴിച്ചത് (5)
5. എന്തിൽ വെച്ചാണ് യിസ്രായേൽ മക്കളുടെ എണ്ണം എടുക്കാൻ ദൈവം മോശെയോടു പറഞ്ഞത് (10)
6. ദൈവം എന്താണ് എലെയാസറിന്റെ മകനായ ഫിനെഹാസിന് കൊടുത്തത് (7)
7. യിസ്രായേൽ മക്കൾ ഏതു വഴിയായി വരുന്നു എന്നാണ് അരാദ് രാജാവ് കേട്ടത്? (3)
8. അബദ്ധവശാൽ പാപം ചെയ്യുന്നവനു പാപപരിഹാരം വരുത്തുവാൻ പുരോഹിതൻ എന്താണ് അനുഷ്ഠിക്കേണ്ടത്? (7)
9. ആര് മരിക്കുന്നതുപോലെ മരിക്കണം എന്നാണ് ബിലെയാം ആഗ്രഹിച്ചത്? (4)
10. മന്ന എങ്ങനെയുള്ള ആഹാരമാണെന്നാണ് യിസ്രായേൽ മക്കൽ പിറുപിറുത്തപ്പോൾ പറഞ്ഞത് (5)
11. മോശെ എന്തിൽ വിശ്വസ്തനായിരുന്നു (4)
12. യിസ്രായേൽ മക്കൾ ശബദാർപ്പിതമായി നശിപ്പിച്ച സ്ഥലത്തിനു വന്ന പേര്? (3)

# വലത്തോട്ട്

A. നാളെത്തേക്കു നിളെത്തന്നെ ................. എന്നാൽ നിങ്ങൾ ഇറച്ചി തിന്നും (6)

B. യഹോവയുടെ കൈ .......? (6)

C. ലേവിയുടെ പുത്രന്റെ പേര്? (3)

D. യിസ്രായേലിൽ എന്തു ദർശിപ്പാനില്ല എന്നാണ് ബിലെയാം തന്റെ ദർശനത്തിൽ പറഞ്ഞത്? (3)

E. എന്തു സംബന്ധിച്ചുണ്ടാകുന്ന അകൃത്യമാണ് അഹരോനു അവന്റെ പിതൃഭവനവും വഹിക്കേണ്ടത്? (6)

F. മോശെ കനാൻ ഒറ്റുനോക്കാൻ അയച്ചവരിൽ നഫ്താലി ഗോത്ര ത്തിൽ നിന്ന് പോയതാര്? (3)

G. യഹോവ നമ്മിൽ .......... എങ്കിൽ അവൻ നമ്മെ പാലും തേനും ഒഴു കുന്ന ആ ദേശത്തു കൊണ്ടു ചെന്നു അതു തരും? (5)

H. മോശെയോടു യഹോവ എങ്ങനെ അരുളിചെയ്തു എന്നാണ് അഹരോന്റെയും മിര്യാമിന്റെയടുത്തും പറഞ്ഞത്? (7)

I. കനാൻ ദേശത്തു എത്തിയശേഷം ആറു പട്ടണങ്ങൾ എന്തായി വേർതിരിക്കണം എന്നാണ് യഹോവ പറഞ്ഞത്? (9)

J. ആരോടു പ്രതികാരം ചെയ്തതിനുശേഷം മോശെ സ്വന്ത ജന ത്തോടു ചേരും എന്നാണ് യഹോവ പറഞ്ഞത്? (5)

K. എന്റെ ദാസനായ മോശെയ്ക്കു ........................ സംസാരിപ്പാൻ ശകി കാത്തതു എന്തു? (5)

L. ഹോമയാഗത്തിനോ, ഹനനയാഗത്തിനേ ഒരു കാളക്കിടാവിനെ കൊണ്ടുവരുമ്പോൾ ഏത് എണ്ണ ചേർത്ത മാവാണ് ഭോജനയാഗ മായി അർപ്പിക്കേണ്ടത്? (4)


M. കനാനിലെ ജനം എങ്ങനെയുള്ളവർ ആണെന്നാണ് ഒറ്റുകാർ പറ ഞ്ഞത്? (6)

N. കാദേശിലെ ജലം (5)

O. ദഹനയാഗങ്ങൾക്കുള്ള ഭോജനമായ വഴിപാടു അർപ്പിക്കേണ്ടതിന് യിസ്രായേൽ മക്കൾ എങ്ങനെയായിരിക്കണം. (4)

P. ശാഫേർ മലയിൽ നിന്നു പുറപ്പെട്ട യിസ്രായേൽ ജനം എവിടെ യാണ് പാളയമിരങ്ങിയത്? (3)

# പദപ്രശ്നം 4/6




പേര് ..........................................................

സ്ഥലം സഭ ..............................................


വിലാസം ..................................................

# പദസഞ്ചിയിൽ നിന്ന് അക്ഷരങ്ങൾ എടുത്ത് പൂരിപ്പിക്കുക

സംഖ്യ പുസ്തകത്തിലെ ചില വാക്കുകൾ താഴെ നൽകിയിരിക്കുന്നു. അതിലെ വിട്ടുപോയ ഭാഗങ്ങൾ പദസഞ്ചിയിൽ നിന്നെടുത്ത് വാക്കുകൾ കണ്ടുപിടിക്കുക.

Femina K. Joy Njarakkavala.

1. സ ....... നി ....... സം
2. ....... ഹശു ........ ൽ
3. ....... ....... ന്ത ....... ദേ ....... ....... യാ .......
4. നാ ....... ർ ....... തം.
5. അസ് ....... ൻ
6. ....... ....... ളനാ ....... ത് ....... വം
7. ....... സ്ഗ ....... ....... ....... ടി
8. ക ....... ഹ ....... ലം
9. ഉ ....... ....... ച്ചാ ....... പ്പ .......
10. ....... തി ....... ഠാ ....... ....... പാട്



# കഴിഞ്ഞ ലക്കത്തിലെ ഉത്തരങ്ങൾ

## വലത്തോട്ട്

1 നെഞ്ചുകണ്ടങ്ങളുടെമേൽ
2. ഉപ്പ്
3. അതിവിശുദ്ധം
4. ആത്മതപനം
5. നിവേദ്യമായി
6. മരണം
7. വള്ളിത്തല
8. ധൂപപീഠത്തിന്റെ
9. താൽപര്യമായി
10. വടക്കുവശത്ത്
11. മൂപ്പന്മാർ
12. പരസംഗമായി
13. പാർശ്വത്തിങ്കൽ
14. കല്ലെറിയണം
15. പുരോഹിതൻ

## താഴോട്ട്

A. മിണ്ടാതിരുന്നു
B. അറപ്പ്
C. ഉടെച്ചുകളയേണം
D. ദൂതങ്ങൾക്ക്
E. ആദ്യത്തെ
F. വിശുദ്ധവസ്ത്രം
G. തക നിലവിളക്കിന്മേൽ
H. ഛേദിച്ചുകളയേണം
I. പന്നി
J. പ്രമാണി
K. സീനായി മരുഭൂമിയിൽ
L. നരച്ചവന്റെ
M. ധൂപവർഗ്ഗപൂർണ്ണം
N. പല്ലി
O. രക്തത്തിൽ
P. പാപയാഗം
Q. മുൻകഷണ്ടിക്കാരൻ

## കഴിഞ്ഞ ലക്കത്തിലെ വിജയികൾ

1. ത്രേസ്യാമ്മ എടത്വാ
2. അലീഷ കരിമണ്ണൂർ
3. സോജ ഉപ്പുകുന്ന്
4. ഫെമിന ഞാറക്കവല
5. ജോയ്സ് മൂവാറ്റുപുഴ
6. നിഖിൽ ഞാറക്കവല
7. രാജൻ ശാസ്താംപാറ
8. ഷേർളി കരിമണ്ണൂർ
9. വിനിത ഉപ്പുകുന്ന്
10. റ്റിറ്റി എടത്വ
11. ആനറ്റ് ശാസ്താംപാറ
12. ജിജി കരിമണ്ണൂർ
13. സുജാത ഞാറക്കവല
14. പ്രീതി ഉപ്പുകുന്ന്
15. പെർസിസ് കുറുപ്പുംതറ
16. മോളി കരിമണ്ണൂർ
17. മിനി ശാസ്താംപാറ
18. ഫേബ കുറുപ്പുംതറ
19. ജോഫിയ ഉപ്പുകുന്ന്
20. എസ്ഥേർ എടത്വാ
21. ജൂബി ഉപ്പുകുന്ന്
22. ഗ്രേയ്സ് കരിമണ്ണൂർ
23. ജോമോൾ ഞാറക്കവല
24. സിജി അഷ്ടമിച്ചിറ
25. രമണി ഉപ്പുകുന്ന്
26. മറിയാമ്മ മല്ലപ്പള്ളി
27. ആൽബിൻ കരിമണ്ണൂർ
28. ജിൻസി ഞാറക്കവല
29. ലീലാമ്മ ഉപ്പുകുന്ന്
30. സിനി അഷ്ടമിച്ചിറ
31. നിഷ ഞാറക്കവല
32. റെജി ശാസ്താംപാറ
33. മോളി, ഉപ്പുകുന്ന്
34. സുബി, കരിമണ്ണൂർ
35. തോമസ് ശാസ്താംപാറ
36. കുഞ്ഞുമോൾ ആനിക്കാട്
37. ആശാ ശാസ്താംപാറ

**കോളങ്ങൾ പൂരിപ്പിച്ച് അയയ്ക്കേണ്ട വിലാസം**

**സുവി. ജോൺസൺ ലാസർ**
**ഉപ്പുകുന്ന്, കുമ്മിണിയിൽവീട്**
**മൂലക്കാട് പി.ഒ., ഇടുക്കി, പിൻ: 685595**
**ഫോൺ: 9400181794 Email: trainermagazine13@gmail.com**

# TRAINER

## (Private Circulation Only)

---

## നിബന്ധനകൾ, നിർദ്ദേശങ്ങൾ

1. ആർക്കും പങ്കെടുക്കാം
2. അദ്ധ്യായങ്ങൾ നന്നായി വായിച്ച് ഉത്തരം കണ്ടെത്തുക.
3. ഉത്തരം ശരിയാണെന്ന് ഉറപ്പുവരുത്തി മാത്രം കോളത്തിൽ എഴുതുക, വെട്ടിത്തിരുത്തലുകൾ പാടുള്ളതല്ല.
4. ഉത്തരക്കടലാസിൽ പൂർണ്ണ വിലാസം എഴുതുക.
5. ഉത്തരങ്ങൾ അവസാന തീയതിക്ക് മുമ്പായി അയച്ചുതരിക
6. ഉത്തരകടലാസ് (കോളങ്ങൾ) ഫോട്ടോസ്റ്റാറ്റ് എടുത്തും ഉപയോഗിക്കാവുന്നതാണ്.
7. മുടക്കം വരാതെ 6 പ്രാവശ്യം പങ്കെടുക്കുന്നവർക്ക് സമ്മാനം ഉണ്ടായിരിക്കുന്നതാണ്.
8. നിങ്ങളുടെ പേരും വിലാസവും വ്യക്തമായും ഇംഗ്ലീഷ് ആണെങ്കിൽ വലിയ അക്ഷരത്തിലും എഴുതിയിരിക്കണം.
9. 2014 ജൂൺ 25ന് മുമ്പ് ലഭിക്കത്തക്കവണ്ണം ഉത്തരങ്ങൾ താഴെകാണുന്ന വിലാസത്തിലോ, ഈ-മെയിൽ വിലാസത്തിലോ അയച്ചിരിക്കണം. 25ന് ശേഷം കിട്ടുന്ന ഉത്തരങ്ങൾ പരിഗണിക്കുന്നതല്ല.

**JOHNSON LAZAR**

**UPPUKUNNU**

**KUMMINIYIL HOUSE,**

**MOOLAKADU P.O., IDUKKI**

**Ph: 9400181794 Email: trainermagazine13@gmail.com**